DESPATCHED
Dt. 17/04/21


# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

## തിരുവനന്തപുരം-695 001

**Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920**

Email: sic.ker@nic.in


13/4/21

ഹർജി നമ്പർ **AP 158(1)/2019/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.2161/SIC-Gen4/2019**

സന്നിഹിതൻ
ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

ശ്രീ. ആൽബർട്ട് ഏബി വി.എസ്.,
വേവുകാട്ട് വീട്,
ടി സ്ക്വയർ ലെയിൻ,
പച്ചാളം പി.ഒ.,
കൊച്ചി – 682 012.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സീനിയർ സൂപ്രണ്ട്,
റവന്യൂ ഡിവിഷണൽ ഓഫീസ്,
സബ് കളക്ടറുടെ കാര്യാലയം, ഫോർട്ട് കൊച്ചി,
എറണാകുളം.
2. അപ്പീൽ അധികാരി,
റവന്യൂ ഡിവിഷണൽ ഓഫീസ്,
സബ് കളക്ടറുടെ കാര്യാലയം, ഫോർട്ട് കൊച്ചി,
എറണാകുളം.
} എതിർകക്ഷികൾ

## അന്തിമ ഉത്തരവ്

മേൽ അപ്പീൽ ഹർജിയിന്മേൽ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷി ലഭ്യമാക്കിയ വിശദീകരണത്തിൽ, രേഖകളുടെ പകർപ്പുകൾ നൽകുന്നതിലേയ്ക്കായി തുക ഒടുക്കിയ രസീത് 23/3/2018-ന് അപേക്ഷകൻ ലഭ്യമാക്കിയിരുന്നുവെന്നും, ടി രസീത് സെക്ഷൻ ക്ലാർക്കിന് കൈമാറി ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകൾ തയ്യാറാക്കുവാൻ നിർദ്ദേശിച്ചുവെന്നും എന്നാൽ സെക്ഷൻ ക്ലാർക്ക് ചെലാൻ കൈപ്പറ്റിയ വിവരം വിട്ടുപോകുകയും പിന്നീട് ശ്രദ്ധയിൽപ്പെട്ടയുടൻ രേഖകളുടെ പകർപ്പുകൾ തയ്യാറാക്കി 21/4/2018-ന് അയച്ചു കൊടുത്തുവെന്നും സെക്ഷൻ ക്ലാർക്കിന്റെ

സൂക്ഷ്മതകുറവും തന്റെ കഠിനമായ ജോലിഭാരവും കാരണം ശരിയായ മേൽപരിശോധന നടത്താൻ കഴിയാതെ വന്നതുമാണ് യഥാസമയം രേഖകൾ നൽകുവാൻ കഴിയാതിരുന്നതെന്നും ആയതിനാൽ മന:പൂർവ്വമല്ലാത്ത വീഴ്ച മാപ്പാക്കി ശിക്ഷാ നടപടികളിൽ നിന്നും ഒഴിവാക്കണമെന്നുമാണ് ബോധിപ്പിച്ചിട്ടുള്ളത്. മറ്റ് ഔദ്യോഗിക കൃത്യങ്ങളോടൊപ്പമാണ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ എന്ന നിലയിലുള്ള അവരുടെ ചുമതലകളും നിർവ്വഹിക്കേണ്ടുന്നത്. ഇവിടെ രസീത് സെക്ഷൻ ക്ലാർക്കിന് കൈമാറിയതിന് ശേഷം യാതൊരു നടപടിയും മുൻ പൊതു വിവരാവകാശ ഓഫീസറായിരുന്ന ശ്രീ. സൈമൺ ഫർണാണ്ടസ് കൈക്കൊണ്ടിട്ടില്ല എന്നത് ശിക്ഷാർഹമാണ്. എന്നാൽ ടി വീഴ്ച മന:പൂർവ്വമായിരുന്നില്ല എന്നത് കണക്കിലെടുത്ത്, ഭാവിയിൽ വിവരാവകാശ അപേക്ഷകൾ അതീവ ജാഗ്രതയോടെ കൈകാര്യം ചെയ്യേണ്ടതാണെന്ന കർശന നിർദ്ദേശം ടിയാന് നൽകി കൊണ്ട് ഈ അപ്പീൽ ഹർജിയിലെ നടപടികൾ അവസാനിപ്പിച്ചുക്കൊണ്ടുള്ള അന്തിമ ഉത്തരവ് ഇന്നേ ദിവസം 2021 ഏപ്രിൽ മാസം 13-ാം തീയതി കമ്മീഷൻ പുറപ്പെടുവിക്കുന്നു.

ഒപ്പ്
ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION ★ THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്:

കമ്മീഷൻ സെക്രട്ടറി

bnk/